# ജി വി എച്ച് എസ് എസ് ആറന്മുള




# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

# സ്കൂൾ വിവരങ്ങൾ

- **റവന്യൂ ജില്ല** : പത്തനംതിട്ട
- **സ്കൂൾ കോഡ്** : 38041
- **സ്കൂളിന്റെ പേര്** : ജി വി എച്ച് എസ് എസ് ആറന്മുള
- **മേൽവിലാസം** : ആറന്മുള പി.ഒ., മല്ലപ്പുഴശ്ശേരി
- **പിൻകോഡ്** : 689533
- **ഫോൺ നമ്പർ** : 0468 2312060
- **ഇമെയിൽ വിലാസം** :gvhssaranmula@gmail.com
- **ഗ്രാമപഞ്ചായത്ത്** : മല്ലപ്പുഴശ്ശേരി
- **വിദ്യാഭ്യാസ ജില്ല** : പത്തനംതിട്ട
- **ഉപജില്ല** : കോഴഞ്ചേരി
- **ക്ലാസുകൾ** : -2 മുതൽ 12 വരെ
- **പഠന മാധ്യമം** : മലയാളം, ഇംഗ്ലീഷ്

# ചരിത്രം

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ മലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലാണ് ആറന്മുള ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ സ്ഥിതി ചെയ്യുന്നത്. പത്തനംതിട്ടയുടെ സാംസ്കാരിക കേന്ദ്രമായ ആറന്മുള പൈതൃക ഗ്രാമത്തിൽ അതിപുരാതനവും പ്രസിദ്ധവുമായ ശ്രീ പാർത്ഥസാരഥി ക്ഷേത്രത്തിന് കിഴക്കായി നിലകൊള്ളുന്ന ഈ വിദ്യാലയത്തിന് സമീപമാണ് ചരിത്രപരമായ ഏഷ്യയിലെ ഏറ്റവും വലിയ കൂട്ടായ്മയായ മാരാമൺ കൺവെൻഷനും നൂറ്റാണ്ടുകളായി ആറന്മുളയുടെ സാംസ്കാരിക ആഘോഷമായി നിലനിൽക്കുന്ന ഉത്രട്ടാതി ജലമേളയും നടക്കുന്നത്.

ഈ ഗ്രാമത്തിൽ കേരളത്തിലെ പൈതൃക ബിംബങ്ങളിൽ ഒന്നും ലോകപ്രസിദ്ധവുമായ ആറന്മുള കണ്ണാടിയുടെ പരമ്പരാഗത നിർമ്മാണശാലകൾ നിലകൊള്ളുന്നു. ആറന്മുള പൈതൃക തിരുശേഷിപ്പുകളുടെ അടയാളപ്പെടുത്തലുകൾ ആയി നൂറ്റാണ്ടുകൾ പഴക്കമുള്ള നാഗത്തറയും നാഗവിഗ്രഹവും സ്കൂൾ മൈതാനത്ത് ചരിത്ര പ്രാധാന്യത്തോടെ സംരക്ഷിച്ചു പോരുന്നു. 131 വർഷം പഴക്കമുള്ള ഈ വിദ്യാലയം ആറന്മുള കൊട്ടാരം വകയായി പെൺകുട്ടികളുടെ വിദ്യാഭ്യാസം മുൻനിർത്തി 1893 പ്രൈമറി സ്കൂൾ ആരംഭിക്കുകയും 1947ൽ യുപി സ്കൂൾ ആയും 1968 ഹൈസ്കൂൾ ആയും 1990ൽ ലൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഉയർത്തപ്പെടുകയും ചെയ്തു. ഇപ്പോൾ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്കൂളിന്റെ പ്രവേശന കവാടം വാഴിവേലിൽ കാർത്യായനിയമ്മയുടെ സ്മരണാർത്ഥം കുടുംബം സംഭാവന ചെയ്തിട്ടുള്ളതാണ്. സ്കൂൾ കളിസ്ഥലം അഡ്വക്കേറ്റ് ശ്രീ മൂസ്സതി ന്റെ ശ്രമഫലമായി ലഭിച്ചിട്ടുള്ളതാണ്. കേരളത്തിന്റെ വിദ്യാഭ്യാസ കല സാംസ്കാരിക മേഖലയ്ക്ക് നിരവധി പ്രതിഭകളെ സംഭാവന ചെയ്ത ഈ വിദ്യാലയം പത്തനംതിട്ട ജില്ലയുടെ അഭിമാനമായി ഇന്നും നിലകൊള്ളുന്നു.

## ഭൗതീക സാഹചര്യങ്ങൾ

165.5 സെന്റ് ഭൂമിയിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത് ഹയർ സെക്കൻഡറി ഉൾപ്പെടെ 12 ക്ലാസ് മുറികളിലാണ് സ്കൂൾ പ്രവർത്തിക്കുന്നത് സ്കൂളിന് കളി സ്ഥലമുണ്ട് ഹയർസെക്കൻഡറിക്കും ഹൈസ്കൂളിനുമായി 5 ക്ലാസ് മുറികൾ ഹൈടെക് ആണ് സ്കൂളിന് ഒരു കമ്പ്യൂട്ടറിൽ ലാഭമുണ്ട് സൗകര്യം ലഭ്യമാണ് ശുദ്ധജലവും ടോയ്‌ലറ്റ് സൗകര്യവും ഉണ്ട് സ്കൂൾ ലൈബ്രറി സജ്ജമാണ് സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ പിടിഎ എസ് എം സി പൂർവ്വ വിദ്യാർത്ഥി കളുടെയും പൂർണ്ണ പിന്തുണ ലഭിക്കുന്നുണ്ട്.

# ഭൗതിക പരിമിതികൾ

സ്കൂൾ ഓഡിറ്റോറിയത്തിൽ LKG, UKG ക്ലാസുകളും VHSE വിഭാഗത്തിന്റെ ക്ലാസ്സുകളും പ്രവർത്തിക്കുന്നതിനാൽ എല്ലാ കുട്ടികൾക്കും ഇരിക്കാക്കാനുള്ള സൗകര്യം ഇല്ല. സാമൂഹ്യനീതി വകുപ്പിന്റെ അംഗൻവാടി സ്കൂളിന്റെ ഭക്ഷണശാലയിൽ പ്രവർത്തിക്കുന്നതിനാൽ കുട്ടികൾക്ക് ഉച്ചഭക്ഷണം ഇരുന്നു കഴിക്കാനുള്ള സൗകര്യം ഇല്ല.

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന മേഖലകൾ

1. ഭാഷ
2. സാമൂഹ്യശാസ്ത്രം
3. ശാസ്ത്രം
4. ഗണിതം
5. തൊഴിൽ പരിശീലനം
6. കായികപരിശീലനം
7. കലാപരിശീലനം
8. വിവരവിനിമയ സാങ്കേതികവിദ്യ
9. സാമൂഹിക പങ്കാളിത്തം
10. ജൈവ ഉദ്യാനം
11. ലഹരിമുക്ത ക്യാമ്പസ്
12. ടാലൻറ് ക്ലബ്
13. സ്കൂൾ ലൈബ്രറി
14. വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്കുള്ള പരിശീലനം
15. പ്രവർത്തിപരിചയ മേളയ്ക്കുള്ള പരിശീലനം
16. ദിനാചരണങ്ങൾ
17. ക്ലാസ് പി.ടി എ കാര്യക്ഷമമാക്കൽ

# പാഠ്യേതര പ്രവർത്തനങ്ങൾ

- വിദ്യാരംഗം കലാസാഹിത്യ വേദി
- ലിറ്റിൽ കൈറ്റ്സ്
- ജെ ആർ സി
- വിവിധയിനം ക്ലബ്ബുകൾ
- കായികം

# അക്കാദമിക നേട്ടങ്ങൾ

കഴിഞ്ഞ 14 വർഷം തുടർച്ചയായി 100% വിജയം കൈവരിക്കാൻ കഴിഞ്ഞു കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പ്രത്യേക പരിശീലനം നൽകുന്നതിലൂടെ കുട്ടികൾക്ക് ഫുൾ എ പ്ലസ് കരസ്ഥമാക്കാനും മികച്ച വിജയം കൈവരിക്കാനും കഴിഞ്ഞു. ജെ ആർ സി, ലിറ്റിൽ കൈറ്റ്സ് എന്നീ യൂണിറ്റുകൾ വളരെ സജീവമായി പ്രവർത്തിക്കുന്നതിലൂടെ കുട്ടികളിൽ പഠനത്തോടൊപ്പം സേവനമനോഭാവം വർധിപ്പിക്കാൻ കഴിഞ്ഞു. റോബോട്ടിക്സ് പ്രവർത്തനങ്ങളുമായി സംസ്ഥാനതലത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ ഒൻപതാം ക്ലാസിലെ അഭിനവിനു കഴിഞ്ഞു.

# പ്രവർത്തന വിശദാംശങ്ങൾ

## മേഖല :  ഭാഷാശേഷി വികസനം

## ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ അടിസ്ഥാനശേഷി നേടിയെടുക്കൽ | പ്രീ ടെസ്റ്റ് വായിപ്പിക്കൽ അടയാളം ഉറപ്പിക്കൽ<br><br>അക്ഷരക്കാർഡ് നൽകൽ പദനിർമ്മാണം ചിത്രം -അടിക്കുറിപ്പ് ചിത്രം -കഥയെഴുത്ത് അടിസ്ഥാന ശേഷി ലഭിക്കാത്തവർക്കായി പ്രത്യേക ക്ലാസ്സ് | ജൂൺ ജൂലൈ | പുസ്തകങ്ങ ൾ ചിത്രങ്ങൾ<br><br>ഐ സി ടി | അധ്യാപകർ<br><br>പി ടി എ |
| മികച്ച വായനക്കാരെ /കഥ പറച്ചിൽ ക്കാരെ /പ്രാസംഗികരെ /പദ്യം ചൊല്ലൽക്കാരെ കണ്ടെത്തുക യും പരിപോഷിപ്പിക്കുക യും ചെയ്യുക | ക്ലാസ് വായനക്കൂട്ടം തയ്യാറാക്കൽ ഗ്രന്ഥശാല സന്ദർശനം പത്രവായന<br><br>ചിഹ്നങ്ങൾ മനസ്സിലാക്കി ഭാവാത്മകമായി കഥ പറച്ചിൽ നടത്തുക<br><br>ദൃക്സാക്ഷി വിവരണം തയ്യാറാക്കി അവതരിപ്പിക്കുക വിദ്യാരംഗം പ്രവർത്തനങ്ങൾ | ആഗസ്റ്റ് മുതൽ ജനുവരി വരെ | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, ആനുകാലി കങ്ങൾ | അധ്യാപകർ<br>പി ടി എ |
| കുട്ടിയെ മികച്ച എഴുത്തുകാരനാ ക്കുക | എഴുത്തുകൂട്ടം രൂപീകരണം, പുസ്തകചർച്ച, കുറിപ്പുകൾ, പതിപ്പുകൾ ,വ്യക്തി രചന, പുസ്തകരചന. ഗാനരചന സംഗീതം നൽകൽ ,അഭിമുഖം സംവാദം, സൃഷ്ടികൾ പ്രകാശിപ്പിക്കൽ | 6 മാസം | ഓഡിയോ, വീഡിയോ | പി ടി എ<br>അധ്യാപകർ |

## ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി ഉണ്ടാക്കുക. | ഹിന്ദിയിൽ തന്നെ ക്ലാസ് കൈകാര്യം ചെയ്യൽ<br><br>ഹിന്ദി പുസ്തക വായന പ്രോത്സാഹിപ്പിക്കുന്നതിനായി ടൂർ ലൈബ്രറിയിൽ നിന്നുംഹിന്ദി പുസ്തകങ്ങൾ ലഭ്യമാക്കുക | ജൂൺ മുതൽ ഡിസംബർ വരെ | പുസ്തകങ്ങൾ | അധ്യാപിക |
| മാതൃഭാഷയെപ്പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | ഹിന്ദി അസംബ്ലി, ഹിന്ദി പ്രസംഗം എന്നിവ നടത്തുക<br><br>കഥാരചന, കവിത രചന. പദ്യം ചൊല്ലൽ എന്നീ മത്സരങ്ങൾ നടത്തുക | 2 ആഴ്ച കൂടുമ്പോൾ | | അധ്യാപകർ |

## ഉപ മേഖല : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം | ക്ലാസ് ഇതര പ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| എല്ലാ കുട്ടികളെയും ഭാഷാ പഠന തൽപരരാക്കുന്നു<br><br>അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു | ജൂൺ മുതൽ ഡിസംബർ വരെ | പാഠപുസ്തകങ്ങൾ, ചിത്രങ്ങൾ, വീഡിയോ | അധ്യാപിക | അനുരൂപീകരണ തലം സഹപാഠികളുടെ പിന്തുണ പഠന പ്രവർത്തനങ്ങളിൽ സഹായിക്കൽ ഗ്രൂപ്പ് തല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക |

| | | | | | |
|---|---|---|---|---|---|
| വായനാവാരത്തോട് ബന്ധപ്പെടുത്തിയുള്ള ക്ലാസ് തല പ്രവർത്തനം | രചന ശില്പശാല അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം പറയുന്നു | ജൂൺ | | | |
| സാഹിത്യാഭിരുചി വളർത്താൻ ഉള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തക അവലോകനം തയ്യാറാക്കുന്നു | | | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകൽ | പ്രശ്നോത്തരി മാഗസിൻ കഥ കവിത ഉപന്യാസം എന്നിവയ്ക്കുള്ള പരിശീലനം,സൃഷ്ടി | | | | |
| സംസ്കൃത ദിനാചരണം സ്കൂൾതല മത്സരങ്ങൾ നടത്തി സബ്ജില്ല ജില്ലാതലത്തിൽ പങ്കെടുപ്പിക്കൽ സ്വാതന്ത്ര്യ ദിനം | ഔപചാരിക ക്ലബ്ബ് രൂപീകരണം സംസ്കൃത സന്ദേശം ഒരു പ്രമുഖ വ്യക്തിയുടെ ക്ലാസ് സംസ്കൃത പ്രാർത്ഥന വന്ദേമാതരാലാപനം | | | | |
| ഭാഷാ പഠനം, കലാപരിചയം | കലോത്സവത്തിനായി സംസ്ഥാന അധ്യാപകർ കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു. ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് | | ചിത്രങ്ങൾ, വീഡിയോ | | സബ്ജില്ലാ മത്സരാർത്ഥികൾക്ക് സംസ്കൃത അധ്യാപക കൂട്ടായ്മ സമ്മാനദാനം നൽകുന്നു |

| | | | | | |
|---|---|---|---|---|---|
| | കഥ സമസ്യ സിദ്ധരൂപം എന്നിങ്ങനെ പ്രത്യേകം സജ്ജരാക്കുന്നു | | | | |
| സംഭാഷണ ശിബിരം | പരീക്ഷാസംബന്ധ മായി കുട്ടികളുടെ ഭാഷാപ്രയോഗ സാമർത്ഥ്യം മെച്ചപ്പെടുത്തുന്ന തിന് എല്ലാ കുട്ടികളും താല്പര്യത്തോടെ പങ്കെടുക്കും | | | | |
| മത്സര പരീക്ഷകൾ ക്കുള്ള പ്രത്യേക പരിശീലനം | രാമായണ പ്രശ്നോത്തരി സംസ്കൃത പ്രശ്നോത്തരി സംസ്കൃത സ്കോളർഷി പരീക്ഷ പരിശീലനം | | | | |

## ഉപ മേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷ് കോർണർ സ്റ്റോറി റീഡിങ് | ജൂൺ-മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | പി ടി എ |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾ ക്ക് അവസരം ഒരുക്കുക | ഇംഗ്ലീഷ് ഡേ ആചരണം റോൾപ്ലേ - പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്തു കൊറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു | വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ടീച്ചർ | പി ടി എ |

| | | | | |
|---|---|---|---|---|
| സ്വാതന്ത്ര്യ വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക | ഡയറി എഴുത്ത് ന്യൂസ് റീഡിങ്, പത്രവാർത്ത തയ്യാറാക്കൽ അസംബ്ലി ന്യൂസ് റീഡിങ് ആൻഡ് കോമ്പറ്റീഷൻ | ക്ലാസ് റൂം പ്രവർത്തനം സ്കൂൾ അസംബ്ലി | | പി ടി എ |
| കവിതാലാപനത്തിലും കവിതാ രചനയ്ക്കും പ്രാപ്തരാക്കുന്നു | പോയട്രി റൈറ്റിംഗ് കോമ്പറ്റീഷൻ പോയം റേസിറ്റേഷൻ കോമ്പറ്റീഷൻ | ക്ലാസ് റൂം ആക്ടിവിറ്റീസ് | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് രചനകൾക്ക് പ്രാപ്തരാക്കുക | ബുക്ക് റിവ്യൂസ് & ക്രിട്ടിക്കൽ അപ്രീസിയേഷൻ ഇംഗ്ലീഷ് മാഗസിൻ പ്രദർശനം, നിർമ്മാണം | വർഷത്തിൽ ഒന്ന് | | |

## ഉപ മേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ,ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാന പരീക്ഷിക്കുന്നതിന് പ്രവർത്തനങ്ങൾ നൽകുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സോഷ്യൽ സയൻസ് അധ്യാപകർ | |
| | അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂ പ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച മെമ്മറി | ജൂൺ | സോഷ്യൽ സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ടെസ്റ്റ് നടത്തുന്നു ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | | | |
| പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ഐ സി ടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു.ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ജൂൺ | സോഷ്യൽ സയൻസ് അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സാമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | ജൂലൈ | സോഷ്യൽ സയൻസ് അധ്യാപകർ | |
| വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിനെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | കാവുകൾ കണ്ടൽക്കാടുകൾ തണ്ണീർത്തനങ്ങൾ ജലാശയങ്ങൾ എന്നിവ സന്ദർശിച്ച സർവ്വേ നടത്തിയ റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപകർ | പി ടി എ |

| | | | | |
|---|---|---|---|---|
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപകർ | |

## ഉപ മേഖല : ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ക്ലബ്ബ് രൂപീകരണം | ഗണിത ക്ലബ് രൂപീകരിക്കുന്നു ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു. ക്ലബ്ബിന്റെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നു. | ജൂൺ | അധ്യാപിക | |
| ഗണിത പുസ്തകങ്ങൾ പരിചയപ്പെടൽ | വായനാവാരത്തോട് അനുബന്ധിച്ച് ലൈബ്രറിയിലെ ഗണിത പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു, കുറിപ്പെഴുതുന്നു | വായനാവാരം | അധ്യാപിക, ലൈബ്രറിയുടെ ചുമതലയുള്ള അധ്യാപിക | |

| | | | | |
|---|---|---|---|---|
| നിർമ്മിതികളിൽ ശേഷി കൈവരിക്കൽ | ജിയോജിബ്ര ഉപയോഗിച്ച് നിർമിതികളിൽ അധിക പരിശീലനം | ദീർഘകാലം | അധ്യാപിക മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| ഗണിത ക്ലബ് പ്രവർത്തനങ്ങൾ | ഓരോ മാസവും ഗണിതക്വിസ് നടത്തി ഏറ്റവും കൂടുതൽ പോയിന്റ് കിട്ടുന്ന ആളിൽ വർഷാവസാനം സമ്മാനം നൽകുന്നു. ഗണിത മേളകളിലെ വിഭാഗങ്ങൾ പരിചയപ്പെടുത്തുന്നു, താല്പര്യം ഉണ്ടാക്കുന്നു | ദീർഘകാലം | അധ്യാപിക ഗണിത ക്ലബ്ബ് | |
| സബ് ഡിസ്ട്രിക്ട് ശാസ്ത്രമേള | സ്കൂൾതല വിജയികൾക്ക് കൂടുതൽ പരിശീലനം | | | |
| ഗണിതം നിത്യ ജീവിതവുമായി ബന്ധപ്പെടുത്തൽ | പണവിനിമയം അനുബന്ധമായി നാടക അവതരണം | ഹ്രസ്വകാലം | അധ്യാപിക കുട്ടികൾ | |

## മേഖല : ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് | എസ് ആർ ജി | പി ടി എ & സ്റ്റാഫ് |

## ഉപ മേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭി രുജി വളർത്തൽ | പാഠപുസ്തക വിനിമയം ചെയ്യുമ്പോൾ ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ അവതരിപ്പിക്കുക. കുട്ടികൾക്ക് പരീക്ഷണങ്ങളിൽ ഏർപ്പെടാനും തയ്യാറാക്കിയ മോഡലുകൾ ലഘുപരീക്ഷണങ്ങൾ എന്നിവ പഠനോത്സവത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുക. ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം | ജൂൺ – മാർച്ച് <br> വർഷത്തിൽ ഒന്ന് | സയൻസ് അധ്യാപിക <br> സയൻസ് ക്ലബ്ബ് | പി ടി എ |
| ശാസ്ത്രമേളകളിൽ പങ്കാളിത്തം ഉറപ്പുവരുത്തൽ | സ്കൂൾതലത്തിൽ ശാസ്ത്രമേള നടത്തി കുട്ടികളുടെ പരമാവധി പങ്കാളിത്തം ഉറപ്പാക്കുക സബ് ജില്ലാ ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കാൻ കുട്ടികളെ തയ്യാറെടുപ്പിക്കുക മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് <br> സയൻസ് അധ്യാപിക | പി ടി എ |
| സ്കൂൾ പരിസരത്ത് ഔഷധത്തോട്ട നിർമിക്കൽ | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യത്തെയും തിരിച്ചറിയുന്നതിനും ഇവയുടെയും മറ്റു സസ്യങ്ങളുടെയും ശാസ്ത്രീയ നാമം തിരിച്ചറിഞ്ഞ് അവ രേഖപ്പെടുത്തുകയും ചെയ്യുക | മൂന്ന് മാസം | സയൻസ് ക്ലബ്ബ് ഇക്കോ ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ശാസ്ത്രലാബ് നവീകരണം | ഫിസിക്സ് കെമിസ്ട്രി ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും സയൻസ് ലാബിൽ പ്രത്യേകം സജ്ജീകരിക്കുക | ജൂൺ - സെപ്റ്റംബർ | സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ് | |
| പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | മറ്റു കുട്ടികളുടെ സഹായത്തോടെ പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക | ആഴ്ചയിൽ രണ്ട് ദിവസം | സയൻസ് അധ്യാപകർ എസ് ആർ ജി | |
| ശാസ്ത്രപുസ്തക വായന പ്രോത്സാഹിപ്പിക്കുക | ശാസ്ത്ര സംബന്ധമായ പുസ്തകങ്ങൾ കുട്ടികൾക്ക് നൽകി കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുക | ജൂൺ - സെപ്റ്റംബർ | സയൻസ് അധ്യാപകർ | |
| ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ ലേഖനങ്ങൾ കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | മാസത്തിൽ ഒന്ന് | സയൻസ് ക്ലബ്ബ് | |
| ദിനാചരണങ്ങൾ, ക്വിസ് മത്സരങ്ങൾ,ഉപന്യാസ മത്സരങ്ങൾ | ശാസ്ത്ര പ്രാധാന്യമുള്ള ദിവസങ്ങളിൽ പ്രത്യേക അസംബ്ലി നടത്തുകയും ഓരോ ദിനത്തിന്റെയും പ്രാധാന്യം ഉൾക്കൊള്ളാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക | ജൂൺ - ഫെബ്രുവരി | സയൻസ് ക്ലബ്ബ് | |

## മേഖല : അക്കാദമികം-സാമൂഹികം

## ക്ലാസ്സ്  പി ടി എ, ഭവന സന്ദർശനം, കോർണർ  പി ടി എ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ രക്ഷിതാക്കളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക .പഠന നേട്ടങ്ങളുടെകൃത്യമായ അവതരണം | ക്ലാസ്സ്  പി.ടി. എ യോഗം കാര്യക്ഷമമായി നടത്തുന്നതിനായി എല്ലാ കുട്ടികളുടെയും പഠന നേട്ടങ്ങൾ കൃത്യമായി രക്ഷിതാക്കൾ എത്തിക്കുക കൃത്യമായ ഇടവേളകളിൽ ഭവന സന്ദർശനം നടത്തുക കോർണർ പി.ടി. എ സംഘടിപ്പിക്കുക | June -February | എസ്  ആർ ജി ,ക്ലാസ്സ് ടീച്ചർ പ്രധാന അധ്യാപകൻ | |

## മേഖല : കായിക പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കൽ | ഫുട്ബോൾ കളി പരിശീലനം നൽകി സബ്ജില്ല, ജില്ല, സംസ്ഥാന മത്സരങ്ങളിൽ പങ്കെടുപ്പിക്കുക | ജൂലൈ മുതൽ ഡിസംബർ വരെ | അധ്യാപകർ | |

## മേഖല : സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികളെ വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്ക് തയ്യാറാക്കുക | NMMS' LSS USS തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികൾക്ക് പരിശീലനം നൽകുക | ജൂലൈ മുതൽ ഡിസംബർ വരെ | ക്ലാസ്സ് ടീച്ചർ | |

## മേഖല : കൗൺസലിങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകൽ | ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ക്ലാസുകൾ നൽകുക,അഭിമുഖം, നിരീക്ഷണം പ്രശ്നപരിഹാരം എന്നിവയിലൂടെ കൗൺസിലിംഗ് ഫലപ്രദമാക്കൽ | ആവശ്യമുള്ളപ്പോൾ | കൗൺസിലിംഗ് ടീച്ചർ | |

## മേഖല : പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | താല്പര്യമുള്ള കുട്ടികൾക്ക് പ്രവർത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ , മത്സരങ്ങളിൽ പങ്കെടുക്കൽ 'അതിനായി വിദഗ്ധരുടെ സേവനം<br><br>റോബോട്ടിക്സ് പ്രവർത്തനങ്ങൾജൂലൈ മുതൽ ഡിസംബർ വരെ പരിശീലിപ്പിക്കുന്നു സ്വയം പ്രോജക്ടുകൾ തയ്യാറാക്കാൻ അവസരം നൽകുന്നു | ജൂലൈ മുതൽ ഡിസംബർ വരെ<br><br>ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ<br><br>കൈറ്റ് മിസ്ട്രസ്സ് | |

## ഉപസംഹാരം

**ഗവൺമെൻറ് വി എച്ച് എസ് എസ് ആറന്മുള സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ  പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി സമഗ്ര ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾ ക്കും ലഭ്യക്കാൻ കഴിയും എന്ന് വിശ്വസിക്കുന്നു.**